# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26
# കാരക്കാട് എ.വി.എസ്.
# എൽ.പി സ്കൂൾ

# ആമുഖം

കേരളത്തിന്റെ സ്കൂളുകളും ക്ലാസ് മുറികളും കെട്ടിലും മട്ടിലും മാറുകയാണ്. ഹൈടെക്ക് സ്വഭാവത്തോടെ പുതിയ കാലത്തിന് ചേർന്നവിധം ക്ലാസ് മുറികൾ മാറുമ്പോൾ ശിശു സൗഹൃദപരമായി എങ്ങനെ ഒരു പാഠപുസ്തകമായി മാറ്റാം എന്നതായിരിക്കണം നമ്മുടെ ചിന്ത. പ്രാദേശിക സമൂഹത്തിന്റെ പിന്തുണ ഉറപ്പാക്കി വിവിധ പ്രവർത്തനങ്ങളിലൂടെ സ്കൂളിനെ ആകർഷകമാക്കിയാണ് കാരക്കാട് എ.വി.എസ്. എൽ.പി.എസ്. മുന്നേറുന്നത്.

കുട്ടികളിൽ ഒളിഞ്ഞിരിക്കുന്ന സവിശേഷ പ്രതിഭ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരികയാണ്. ഒപ്പം തന്നെ ICT സാധ്യതയിലൂടെ എങ്ങനെ ഓരോ ക്ലാസ്റൂം അവതരണവും മികവുറ്റതാക്കി മാറ്റാം എന്നും, ലക്ഷ്യമിടുന്നു. ഒരേ സമയം പഠന ഉള്ളടക്കമായും പഠനോപാധിയായും സ്കൂൾ ക്യാമ്പസിനെ ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ സ്കൂൾ മാറിക്കൊണ്ടിരിക്കുകയാണ്.

ഓരോ കുട്ടിയും പരിഗണിക്കപ്പെടണം, തിരിച്ചറിയപ്പെടണം, സഹായിക്കപ്പെടണം എന്നതാണ് ജനാധിപത്യ വിദ്യാഭ്യാസ ക്രമത്തിലെ അടിസ്ഥാന ചിന്ത. അതുകൊണ്ട് തന്നെ പൊതുസമീപനത്തിന് അപ്പുറം ഓരോ കുട്ടിയെയും വ്യക്തിഗതമായി പരിഗണിച്ച് പഠന സാഹചര്യമൊരുക്കി മുന്നേറുക എന്നതാണ് ഞങ്ങൾ ഈ മാസ്റ്റർ പ്ലാനിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി പൊതുസമൂഹത്തെയും അക്കാദമിക റിസോഴ്സ് ഗ്രൂപ്പുകളെയും വികസന സമിതികളെയും പൂർവ്വ വിദ്യാർത്ഥി സംഘടനകളെയും സർവ്വോപരി രക്ഷാകർത്താക്കളെയും ഇതിന് പിന്നിൽ അണിചേർക്കുന്നു. ഇത് നടപ്പിലാക്കാനുള്ള എല്ലാ ഉത്തരവാദിത്വവും ഏറ്റെടുത്ത് കൊണ്ട് കാരക്കാട് എ.വി.എസ്.എൽ.പി സ്കൂളിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ ഇവിടെ സമർപ്പിക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## സ്റ്റാൻഡേർഡ് - 1 A

### ലക്ഷ്യങ്ങൾ

1. അക്ഷരങ്ങൾ എല്ലാ കുട്ടികളിലും ഉറപ്പിക്കുക.
2. ആശയഗ്രഹണ വായന ഉറപ്പിക്കുക.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|
| അക്ഷരങ്ങൾ ഉറപ്പിക്കൽ | അക്ഷരക്കാർഡ്, അക്ഷരകഥകൾ, അക്ഷരപ്പാട്ട്, മണലിലെഴുത്ത്, അക്ഷരവണ്ടി (തെർമോകോൾ,കാർഡ് ബോർഡ്), സചിത്രപുസ്തകം, സംയുക്തഡയറി | ജൂൺ - ജൂലൈ |
| അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് പദങ്ങൾ വായിക്കൽ | അക്ഷര കാർഡ്, ചിഹ്നങ്ങൾ ഉപയോഗിച്ചുള്ള കാർഡ്, ചിത്രങ്ങൾ ഉൾപ്പെടുത്തിയ കാർഡ് | ആഗസ്റ്റ് - സെപ്തംബർ |
| സ്വന്തം ആശയം വാചികമായി അവതരിപ്പിക്കൽ | മേനി പറച്ചിൽ, ചിത്രക്കാർഡ്, കഥ, ഊഹിച്ചുപറയൽ വിതരണം | ജൂലൈ |
| സർഗാത്മക പ്രവർത്തനത്തിനുള്ള വേദി ഒരുക്കുക | പാട്ടരങ്ങ്, കഥപറച്ചിൽ സർഗ്ഗവേദി (എല്ലാ വെള്ളിയാഴ്ചയും) | സെപ്തംബർ വരെ |
| ICT | അക്ഷരങ്ങൾ ഉറപ്പിക്കൽ | ജൂൺ - മാർച്ച് |

## ഗണിതം

### ലക്ഷ്യങ്ങൾ

1. വലുത്/ചെറുത്, അടുത്തു/അകലെ, കൂടുതൽ/കുറവ്, നീളം കൂടിയ/കുറഞ്ഞ
2. 100 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ
3. ഒറ്റ സംഖ്യകളുടെ സങ്കലനം, വ്യവകലനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|
| വലുത്/ ചെറുത് നീളം കൂടിയ/ കുറഞ്ഞ | ചിത്രങ്ങൾ നിരീക്ഷിച്ചും, വസ്തുക്കൾ താരതമ്യം ചെയ്തും പരിസ്ഥിതി നിരീക്ഷിച്ചും വസ്തുക്കളെ താരതമ്യം ചെയ്യുന്നതിന് | ജൂൺ - ജൂലൈ |
| സംഖ്യാബോധം | സംഖ്യാകാർഡ്, ടോക്കൺ, മഞ്ചാടി, കമ്പ്കെട്ട്, മുത്ത്, ഉല്ലാസഗണിതം, കളിനോട്ടുകൾ, അബാക്കസ്, സംഖ്യാബോധം ഉറപ്പിക്കാനായിട്ട് ഉപയോഗപ്പെടുത്തുന്നു. | ജൂൺ - സെപ്തംബർ |
| സങ്കലന വ്യവകലനം | സംഖ്യാകാർഡുകൾ, പാറ്റേൺ എഴുതിയ സ്ട്രിപ്പ്, ക്രിയകൾ എഴുതിയ കാർഡുകൾ, ഈർക്കിൽ തീപ്പെട്ടിക്കമ്പുകൾ | ഒക്ടോബർ - ജനുവരി |

## പൊതു ലക്ഷ്യങ്ങൾ

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളിനെ മികവിന്റെ കേദാരമാക്കി മാറ്റുക.

- നൂതന സാങ്കേതിക വിദ്യയുടെ അനുയോജ്യമായ ഉപയോഗത്തിലൂടെ അധ്യാപനവും പഠനവും ഉയർന്ന നിലവാരത്തിലെത്തിക്കുന്ന അഭിമാന വിദ്യാലയങ്ങൾ സൃഷ്ടിക്കുക.

- വിദ്യാലയത്തിനുള്ളിലെ സൂഷ്മ സംഘടനാ രൂപങ്ങൾ പുതിയ ആവശ്യങ്ങൾക്കനുസരിച്ച് പുനരാവിഷ്കരിക്കുന്നതിന് അടിത്തറ പാകുക.

- പാർശ്വവത്കൃതർ, ഭിന്നശേഷിക്കാർ എന്നിവർക്കായി വിദ്യാലയ പ്രവർത്തനങ്ങളെയും ക്ലാസ്റൂം പ്രവർത്തനങ്ങളും അനുയോജ്യവൽക്കരിക്കുന്നതിനുള്ള തടസ്സങ്ങൾ മറികടക്കുന്നതിനുള്ള മാതൃകകൾ വികസിപ്പിക്കുക.

- കുട്ടിയെ പാഠ്യപാഠ്യേതര വിഷയങ്ങളിൽ പരമാവധി ഉയർന്ന നിലവാരത്തിലെത്തിച്ച് സ്കൂളിനും നാടിനും അഭിമാനമാക്കി മാറ്റുക.

- സ്കൂളിലെത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അവനവന്റെ ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുക.

- എല്ലാ കുട്ടികളും അവരവരുടെ പ്രായത്തിനനുസരിച്ച് നേടേണ്ട ഐ.ടി. സാങ്കേതികതയിൽ മികവുറ്റവരാക്കുക.

- സർഗാത്മകതയിലും കലാപരവുമായി കുട്ടികളിൽ ഒളിഞ്ഞിരിക്കുന്ന കഴിവുകളെ അതിന്റെ ഉന്നതിയിൽ എത്തിക്കുക.

## ENGLISH

**AIM**

1. Alphabetical Confirmation
2. Enable all children to read

| AIM | Activities | Duration |
|---|---|---|
| Alphabetic Confirmation | Alphabetic Songs, Stories, Reading cards, riddles, rhyme | June |
| Oral presentation of one's own idea | Picture card, small description, story filling | July, August, September |
| Able to write alphabets and words. | Words card Organized play free play, puzzles | To December |
| Cultureal activities | Cultural programmes, fest, English assembly storey telling, word puzzle making | |

ക്ലാസ് തലം : 2

| ക്രമ നം | ലക്ഷ്യം | പ്രവർത്തന പദ്ധതി | ചുമതല | കാലയളവ് |
|---|---|---|---|---|
| 1. | രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവർ ആക്കുക. | • രക്ഷിതാക്കൾ പറഞ്ഞുകേട്ട കഥയിലെ ആശയം മറ്റുള്ളവരുമായി പങ്കിടാനുള്ള അവസരങ്ങൾ നൽകുന്നു. | രക്ഷിതാവ് ടീച്ചർ | ജൂൺ |
| | | • ടീച്ചറും രക്ഷിതാക്കളും കഥ ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു | ടീച്ചർ രക്ഷിതാവ് | ജൂലൈ - ഓഗസ്റ്റ് |
| | | • കേട്ടകഥകൾ സംഭവങ്ങൾ തന്റേതായ ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്ന പ്രവർത്തനം | | സെപ്റ്റംബർ |
| | | • കഥയുടെ തുടർച്ച കഥാംശം ചോർന്നു പോകാതെ പറയുകയും എഴുതുകയും ചെയ്യുന്ന പ്രവർത്തനം | | ഒക്ടോബർ നവംബർ |
| | | • കേട്ടകഥകൾ സംഭവങ്ങൾ തന്റെതായ ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്ന അഭിനയിക്കുന്നു. | | ഡിസംബർ ജനുവരി |
| | | • ഇഷ്ടപ്പെട്ട കഥാസന്ദർഭങ്ങൾ അംഗചലനങ്ങളും ഭാവങ്ങളും സമന്വയിപ്പിച്ച് അഭിനയിക്കുന്നു. | | ഫെബ്രുവരി |
| | | • കഥകൾ, സംഭവങ്ങൾ എന്നിവ തന്റേതായ ഭാഷയിൽ അവതരിപ്പിക്കുന്നു. | | മാർച്ച് |
| | ചിത്രം നിരീക്ഷിച്ച് ആശയം സ്വാംശീകരിക്കുന്നതിനും പറയുന്നതിനും കഴിവുള്ളവരാക്കുക. | • അധ്യാപകരും രക്ഷിതക്കളും ചിത്രങ്ങൾ നിരീക്ഷിക്കാനായി അവസരങ്ങൾ നൽകുന്നു. | അധ്യാപിക | ജൂൺ മുതൽ |
| | | • ചോദ്യങ്ങളിലൂടെയും സൂചനകളിലൂടെയും ചിത്രങ്ങൾ വിശകലനം ചെയ്യാനുള്ള അവസരം ഒരുക്കുന്നു. | | |

| | | | | |
|---|---|---|---|---|
| | | • ചിത്രങ്ങൾ ഉപയോഗപ്പെടുത്തി കഥ, സംഭാഷണം എന്നിവ ഭാവനാ പൂർവ്വം അവതരിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു. | അധ്യാപിക SRG രക്ഷിതാക്കൾ | ജൂലൈ മുതൽ |
| | | • ലഘുവിവരണം പാട്ട് എന്നിവ സർഗ്ഗാത്മകതയോടെ അവതരിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു. | അധ്യാപിക SRG രക്ഷിതാക്കൾ | ജൂലൈ മുതൽ |
| | | • ചിത്രത്തിലെ സംഭവങ്ങളുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾ ഭാവനാ പൂർവ്വം അവതരിപ്പിക്കുന്നതിന് | അധ്യാപിക SRG രക്ഷിതാക്കൾ | ജൂലൈ മുതൽ |
| | | • കഥാ വായനയിലേക്ക് നയിക്കുന്ന തരത്തിൽ ചിത്രമായ നടത്തുന്നതിന് അവസരം. | അധ്യാപിക SRG രക്ഷിതാക്കൾ | ജൂലൈ മുതൽ |
| | | • കഥാപാത്രങ്ങളുടെ ഭാവം ചിത്രത്തിൽ നിന്ന് തിരിച്ചറിഞ്ഞ് ഉള്ളടക്കം പ്രവചിക്കുന്നതിന് | | |
| | | • അർഥ പൂർണ്ണമായ ആശയവിനിമയ സന്ദർഭങ്ങൾ ഒരുക്കുക. | | |
| | ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നത് ഗണിത പഠനം ഉപയോഗ പ്രദമാക്കുന്നതിന്. | • കലണ്ടർ നോക്കി ഒരു നിശ്ചിത തീയതി ഏതു ദിവസം ആണെന്ന് കണ്ടുപിടിക്കുന്ന പ്രവർത്തനം.<br>• കലണ്ടറിലെ സംഖ്യാബന്ധങ്ങൾ കണ്ടെത്തി പാറ്റേണുകൾ രൂപീകരിക്കുന്നു.<br>• സംഖ്യാ ബന്ധങ്ങൾ വിശദീകരിക്കുന്ന പ്രവർത്തനങ്ങൾ<br>• ഒരു നിശ്ചിത തീയതി ഏതു ദിവസമാണെന്ന് കണ്ടെത്തുന്ന പ്രവർത്തനങ്ങൾ. | | |

| | | | | |
|---|---|---|---|---|
| | | • ആഴ്ചയിലെ ദിവസങ്ങൾ ക്രമീകരിക്കുന്ന പ്രവർത്തനങ്ങൾ<br>• മാസങ്ങൾ ക്രമീകരിച്ച് എഴുതൽ<br>• ഒരു നിശ്ചിത തീയതി ഏതു ദിവസമാണെന്ന് കണ്ടെത്തുന്ന പ്രവർത്തനം.<br>• ഓരോ മാസത്തിലെയും ദിവസങ്ങളും എണ്ണം നോക്ക പറയുന്നതിന്.<br>• വിശേഷ ദിവസങ്ങൾ ഓർത്തു പറയുന്നതിന്.<br>• പുതിയ കലണ്ടർ നിർമ്മാണം. | | |
| | 200 വരെയുള്ള സംഖ്യാ ബോധം | • 200–ന് താഴെയുള്ള സംഖ്യകളെ ക്രമപ്പെടുത്തൽ<br>• ആരോഹണ അവരോഹണ ക്രമത്തിൽ എഴുതുന്ന പ്രവർത്തനം.<br>• ഡൈസ് കളി<br>• സംഖ്യാ പാറ്റേൺ നിർമ്മാണം<br>• സങ്കല ക്രീയയുടെ വ്യത്യസ്ഥ രീതികൾ<br>• പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിന് വേണ്ട പ്രവർത്തനങ്ങൾ | | |

| | AIM | | | |
|---|---|---|---|---|
| | To Develop listening skills & reading skills | <u>Listening Skills</u><br><br>1. Games, Action songs<br>a) Identify the naming words from the picture<br>b) Identity the action words from the same pictures.<br>c) Make simple sentences using the action word and naming words about the picture.<br>d) Make symbol description about the pictue.<br>e) Growing sentences picture reading self introduction Assembly are also conducted. | | |

## സ്റ്റാൻഡേർഡ് – 3

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|
| തെറ്റ് കൂടാതെ ഉചിതമായ ശബ്ദവ്യതിയാനത്തോടെ വായിക്കാൻ കഴിയുക. | ക്ലാസ്സ് ലൈബ്രറി പ്രയോജനപ്പെടുത്തൽ.<br>പത്ര വായന<br>വായനയ്ക്ക് ദിവസവും വായനാ കാർഡ് നൽകൽ | ജൂൺ - മാർച്ച് |
| സ്വന്തമായി ആശയങ്ങൾ എഴുതാൻ കുട്ടിക്ക് കഴിയുക. | മലയാളത്തിളക്കം പ്രവർത്തനങ്ങൾ<br>കഥ, കവിത എന്നിവ വായിച്ച് ആശയഗ്രഹണം നടത്തി ലേഖന പ്രവർത്തനങ്ങൾ ഏർപ്പെടൽ<br>വാകൃങ്ങൾ സ്വന്തമായി രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ | ജൂൺ - ആഗസ്റ്റ് |
| കഥ, കവിത ഇവ കേട്ട് ആശയം ഗ്രഹിച്ച് സ്വന്തം ഭാഷയിൽ എഴുതാനും പറയാനും | കവിതയെ വിവരണമാക്കൽ<br>കഥയിൽ നിന്നും കവിതയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കുന്നതിന്<br>പുസ്തക പരിചയം വായനമൂല ഒരുക്കൽ | ജൂൺ - സെപ്തംബർ |
| പ്രയോഗങ്ങൾ ശൈലികൾ ചൊല്ലുകൾ ഇവ സന്ദർഭാനുസരണം ഉപയോഗിക്കാൻ കഴിയുക. | പഴഞ്ചൊല്ലുകൾ ശേഖരണം<br>കടങ്കഥകൾ - കടങ്കഥാമത്സരങ്ങൾ സംഘടിപ്പിക്കൽ.<br>സ്കൂൾ ലൈബ്രറി ഉപയോഗപ്പെടുത്തൽ.<br>നാടൻപാട്ടുകൾ കേൾക്കാൻ, ചൊല്ലാൻ അവസരങ്ങൾ | ജൂലൈ - മാർച്ച് |
| നമ്മുടെ സ്വാതന്ത്ര്യ സമര സേനാനികൾ മഹത് വ്യക്തികൾ എന്നിവരെക്കുറിച്ച് അറിയുക. | വിവിധ ആഘോഷങ്ങൾ സംഘടിപ്പിക്കൽ ആൽബം തയ്യാറാക്കൽ ചലച്ചിത്ര പ്രദർശനം അഭിമുഖം. | ആഗസ്റ്റ് - മാർച്ച്. |
| വായിച്ച് ആസ്വദിച്ച കാര്യങ്ങൾ റോൾപ്ലേ മൈമിംഗ് രൂപത്തിൽ അവതരിപ്പിക്കാൻ കഴിയുക. | നാടകകളരി സംഘടിപ്പിക്കൽ.<br>മേനിപറച്ചിൽ. സംഭാഷണം പരസ്പരാവതരണം. | ജൂൺ - ആഗസ്റ്റ് |
| സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് പരമാവധി അവസരം നൽകൽ എന്ന ലക്ഷ്യം | പാട്ടരങ്ങ് കവിത, കഥ പറയൽ നാടകം അവതരണം സ്കൂൾതലത്തിൽ ശില്പശാലകൾ സംഘടിപ്പിക്കൽ. | ജൂൺ - മാർച്ച് |

| | | |
|---|---|---|
| ICT ഉപയോഗിച്ച് കുട്ടിക്ക് സ്വന്തമായി കഥ, കവിത കേൾക്കാൽ അവതരിപ്പിക്കാൻ കഴിയുക.<br>ICT ഉപയോഗം | കഥ കേൾക്കൽ കവിത കേൾക്കൽ കവിത പാടി റിക്കോർഡ് ചെയ്ത് (സ്വന്തമായി) ക്ലാസ്സിൽ അസംബ്ലിയിൽ കേൾപ്പിക്കൽ | ജൂൺ - മാർച്ച് |
| 1000 ത്തിൽ താഴെ വരെയുള്ള സംഖ്യകളെ തിരിച്ചറിയാനും, വ്യാഖ്യാനിക്കാനും സ്ഥാനവിലയ്ക്ക് അനുസരിച്ച് എഴുതാനും കുട്ടിയെ പ്രാപ്തനാക്കുക. | സംഖ്യാ കാർഡ് നിർമ്മാണം സംഖ്യാ റിബൺ നിർമ്മിക്കൽ<br>സ്ഥാനവില പോക്കറ്റിൽ സംഖ്യകടള ക്രമീകരിക്കൽ<br>അബാക്കസിന്റെ ഉപയോഗം പറയുന്ന സംഖ്യയെ തിരിച്ചറിഞ്ഞ് എഴുതൽ. ഗ്രൂപ്പായി സംഖ്യാപറച്ചിൽ എഴുതൽ | ജൂൺ - ജൂലൈ |
| രൂപങ്ങളെ തിരിച്ചറിഞ്ഞ് പറയാൻ കഴിയുന്നു. ചതുരം, ത്രികോണം, വൃത്തം. | ഗണിത ലാബിന്റെ ഉപയോഗം. ചുറ്റുപാടും നിരീക്ഷിച്ച് കണ്ടെത്തൽ. ചിത്രരചന (പൂക്കൾ) ഈർക്കിൽ ചിത്രങ്ങൾ.<br>ചിത്ര ആൽബം തയ്യാറാക്കൽ | ആഗസ്റ്റ് - ഒക്ടോബർ |
| മൂന്നക്ക സംഖ്യകൾ സങ്കലന, വ്യവകലന ക്രിയകളിൽ ശരിയായി ഏർപ്പെട്ട് ഉത്തരത്തിൽ എത്താൻ കഴിയുക. | സംഖ്യാകാർഡ് പ്രായോഗിക പ്രശ്നങ്ങൾ ഏണിയും പാമ്പും, കളികൾ. ഗണിത ലാബിന്റെ ഉപയോഗം | ജൂലൈ - സെപ്തംബർ |
| നിത്യ ജീവിതത്തിൽ പ്രായോഗിക സന്ദർഭങ്ങളിൽ ഗുണന ക്രീയകൾ പ്രശ്ന പരിഹരണത്തിന് ഉപയോഗിക്കാൻ കഴിയുക. | ഡൈസ് കളി, ചോദ്യോത്തരകളി ക്ലാസ്സിൽ ഒരു കട<br>ICT ജി കോംപ്രിസ് സ്ഫോസ്റ്റ് വയർ വഴി ഗണിത ക്രീയകൾ | സെപതംബർ - മാർച്ച് |
| വാച്ച് ക്ലോക്ക് ഇവ നോക്കി തെറ്റ് കൂടാതെ സമയം കണ്ടെത്താൻ കഴിയുക. | ഗണിത ലാബിന്റെ ഉപയോഗം<br>ക്ലോക്ക് മോഡൽ നിർമ്മാണം<br>ക്ലോക്ക് വരയ്ക്കൽ, സമയം രേഖപ്പെടുത്തൽ<br>സമയം പറയൽ ബോർഡിൽ ചിത്രീകരിക്കൽ | സെപ്റ്റംബർ - ഒക്ടോബർ |
| കലണ്ടർ നോക്കി വിവരങ്ങൾ പൂർണ്ണമായ രീതിയിൽ ആരോടും വിശദീകരിക്കാൻ കഴിയുക. | കലണ്ടർ പരിചയം ഇംഗ്ലീഷ് / മലയാളം മാസം കണ്ടെത്തൽ. ചുവന്ന അക്കം വിശേഷദിവസം കണ്ടെത്തൽ, കലണ്ടർ നിർമ്മാണം. | ഒക്ടോബർ - നവംബർ |
| മീറ്റർ, സെ.മി സ്കെയിൽ ഉപയോഗിച്ച് അളക്കാനുള്ള കഴിവ്.<br>അളവ് പാത്രങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് നേടൽ. | ക്ലാസ്സ് റൂമിലെ വിവിധ വസ്തുക്കളുടെ അളവ് അളവ് പാത്രം ഉപയോഗിയ്യ് ബക്കറ്റിലെ വെള്ളം അളക്കൽ. അളവ് പാത്രം പരസ്പര ബന്ധം കണ്ടെത്തി അവതരിപ്പിക്കൽ. | നവംബർ - ഡിസംബർ |

| | | |
|---|---|---|
| പ്രശ്ന നിർദ്ധാരണത്തിന് ഹരണക്രിയകൾ ഉപയോഗിക്കുന്നതിന് രണ്ടക്കസംഖ്യയിൽ നിന്നും ഒരക്ക സംഖ്യ ഹരിക്കുന്നതിന് | ഗുണിച്ച് നോക്കാം ക്ലാസ്സ് ലൈബ്രറി ICT കമ്പ്യൂട്ടർ പ്രവർത്തനം ഹരണം ജിക്രോംപിസ് സ്ഫേറ്റ് ഫയർ സംഖ്യാ കാർഡ് കൈമാറൽ. ഏണിയും പാമ്പും. | ജനുവരി - ഫെബ്രുവരി |
| ഭാരത്തിന്റെ യൂണിറ്റുകൾ തമ്മിലുള്ള ബന്ധം കണ്ടെത്താൻ കഴിയുന്നു. | തൂക്ക കട്ടികൾ പരിചയപ്പെടൽ ത്രാസ് ഉപയോഗിച്ച് സാധനങ്ങൾ തൂക്കി കൃത്യത കണ്ടെത്തുന്നു. ഗണിത ലാബിന്റെ ഉപയോഗം | ഫെബ്രുവരി - മാർച്ച് |
| ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച് അവയുടെ പരമാവധി പ്രത്യേകതകൾ തിരിച്ചറിയാൻ കഴിയുന്നു. | പരിസര നിരീക്ഷണം വിത്ത് മുളപ്പിക്കൽ (പരീക്ഷണം) ഇല ആൽബം മഷിത്തണ്ട് പരീക്ഷണം സസ്യ ഭാഗങ്ങൾ തിരിച്ചറിയൽ | ജൂൺ |
| ചുറ്റുപാടുമുള്ള ജീവികടള തിരിച്ചറിഞ്ഞ് അവയുടെ ആഹാര രീതി സഞ്ചാര രീതി ശാരീരിക പ്രത്യേകതകൾ ഇവ മനസ്സിലാക്കുന്നു. | ICT ജീവികളുടെ ചിത്രം വീഡിയോ ഇരപിടിക്കൽ തന്ത്രങ്ങൾ ആഹാര സമ്പാദന രീതി ഇവ ICT സാധ്യത ഉപയോഗിച്ച്. ആഹാര രീതിക്കനുസരിച്ച് ജീവികളെ പട്ടികപ്പെടുത്തൽ | ജൂൺ- ജൂലൈ |
| ജലത്തിന്റെ ലഭ്യത, ഉപയോഗം ആവശ്യകത, എന്നിവ തിരിച്ചറിഞ്ഞ് നിത്യ ജീവിതത്തിൽ പ്രയോഗത്തിൽ കൊണ്ടുവരാൻ കഴിയുക. | ജലസ്രോതസ്സുകൾ കണ്ടെത്തൽ. ജലമ ലിനീകരണ കാരണം തിരിച്ചറിയൽ ജലം പാഴാക്കുന്ന സന്ദർഭങ്ങൾ കണ്ടെത്തൽ മുച്ചട്ടി അരിപ്പ പരീക്ഷണം. | ആഗസ്റ്റ് |
| വ്യക്തി ശുചിത്വം പരിസര ശുചിത്വം ഇവ പാലിക്കേണ്ട ആവശ്യകതയും ഇവ പാലിച്ച് ആരോഗ്യ പരമായ സമൂഹത്തെ സൃഷ്ടിക്കുകയും ചെയ്യുന്നതിനുള്ള കമെ നിർവ്വഹിക്കാൻ. | ഡ്രൈഡേ ദിനാചരണം വേസ്റ്റ് ബിൻ നിർമ്മാണം പരിസരി നിരീക്ഷണം ആരോഗ്യ പ്രവർത്തകരുമായി അഭിമുഖം (ICT സാധ്യത രോഗം പരത്തുന്ന ജീവികൾ) | ആഗസ്റ്റ് - സെപ്റ്റംബർ |
| ആഹാരവും ആരോഗ്യവും തമ്മിലുള്ള ബന്ധം കണ്ടെത്തി ഭക്ഷണം പാഴാക്കരുത് എന്ന സന്ദേശം മറ്റുള്ളവരിലേക്ക് എത്തിക്കാൻ കഴിയുക. | ജന്തുക്കളിൽ നിന്നും ലഭിക്കുന്ന ആഹാരം കണ്ടെത്തൽ കടങ്കഥാ കേളി വീട്ടിലും വിദ്യാലയത്തിലും പച്ചക്കറിത്തോട്ടം വൃത്തിയുള്ള ശരീരം. | സെപ്റ്റംബർ - ഒക്ടോബർ |
| എല്ലാ തൊഴിലിനും മഹത്വമുണ്ടെന്നും എന്റെ പ്രദേശത്ത് വിവിധ തൊഴിലുകൾ ചെയ്ത് ജീവിക്കുന്നവരുണ്ടെന്നും എല്ലാ തൊഴിലാളികളേയും നമുക്ക് ആവശ്യം ഉണ്ടെന്നുമുള്ള അറിവ്. | തൊഴിൽ ലിസ്റ്റിംഗ് തൊഴിൽ സർവ്വേ നെൽപ്പാടം / തൊഴിൽ മേഖല ഫീൽഡ് ട്രിപ്പ് ITC വിവിധ കൃഷി രീതികൾ | നവംബർ |

| AIMS | Activities | Period |
|---|---|---|
| Reads and comprehends simple picture stories | Picture card reading Listening simple stories Simple story book reading from the library | June |
| Write simple sentences with out make any mistakes. | Sentence card reading picture discards make Riddles Draw and colour same pictures (animals, flowers) and write simple sentences about them | June – July. |
| Use simple English while asking any interaction questions. | Class room interection picture interaction conversation | June – September. |
| Reads short discriptions | Reading cards short stories Reads simple news from the new papers reading corner | July – September. |
| Writes short discriptions | Story filling picture description Discribe about a place (park, garden etc.) | July – October. |
| Culture Activities | Cultural programmes fest English Assembly story telling | June to March |

## ക്ലാസ് തലം : 4 ഭാഷ

| ക്രമ നം | ലക്ഷ്യം | പ്രവർത്തന വിശദാംശങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1. | തനതായ സംസ്കൃതിയും തനിമയും തിരിച്ചറിഞ്ഞ് ഭാഷാ ശേഷി ഉയർത്തുന്നതിനും അതിലൂടെ സർഗാവിഷ്കാരം പ്രകടിപ്പിക്കുന്നതിനും സജ്ജരാക്കുക. | 1. പ്രദേശത്തെ തനതായ പാട്ടുകളും ചൊല്ലുകളും മുതിർന്നവരിൽ നിന്നും ശേഖരിക്കുക. | ജൂൺ | അധ്യാപിക, രക്ഷകർത്താവ് |
| | | 2. കഥാപുസ്തകങ്ങളിൽ നിന്നും ബാലമാസികകളിൽ നിന്നും ചെറുകവിതകൾ ശേഖരണം - വരികൾ കൂട്ടിച്ചേർക്കൽ - ഭാവാത്മകമായി ചൊല്ലി അവതരിപ്പിക്കൽ | ജൂൺ - ഓഗസ്റ്റ് | അധ്യാപകൻ രക്ഷകർത്താവ് |
| | | 3. നാടൻ പാട്ടുകൾ, കൃഷിപ്പാട്ടുകൾ, കളിപ്പാട്ടുകൾ, വഞ്ചിപ്പാട്ട്, ശേഖരണം അവതരണം. | സെപ്തംബർ - ഒക്ടോബർ | അധ്യാപകൻ രക്ഷകർത്താവ് |
| | | 4. 'കൂടി' കലാവിഷ്കാര ഗ്രൂപ്പ് നിർമ്മാണം – പൊതു അവതരണം | ജനുവരി | അധ്യാപകർ, പൂർവ്വവിദ്യാർത്ഥികൾ SRG |
| | | 5. സർഗ്ഗാത്മക ക്യാമ്പുകൾ, സഹവാസ ക്യാമ്പുകൾ | മാർച്ച് - ഏപ്രിൽ | SRG, അധ്യാപകർ, SMC, രക്ഷിതാക്കൾ |
| 2. | വ്യവഹാര രൂപങ്ങളുടെ സവിശേഷതകൾ പാലിക്കുന്നില്ല. ചിഹ്നങ്ങൾ പാലിക്കുന്നില്ല. | • എഡിറ്റിംഗ് രീതി പരിശീലിക്കൽ, ക്ലാസ് മുറിയിലെ ലേഖന പ്രവർത്തനങ്ങൾക്ക് എഡിറ്റിംഗ് ഉറപ്പാക്കൽ | ജൂൺ - ജൂലൈ | അധ്യാപകൻ |
| | | • സന്ദർഭോചിതമായ വിവരണ ചിത്രങ്ങൾ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം. | ജൂൺ - ഓഗസ്റ്റ് | അധ്യാപകൻ SRG |

| | | | | |
|---|---|---|---|---|
| | | • സഹപഠനം സഹവർത്തിത പഠനം - പഠന പ്രവർത്തനങ്ങളുടെ ഭാഗമായി വ്യവഹാര രൂപങ്ങൾ ക്ലാസ് പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയുള്ള പ്രക്രിയകൾ. | | |
| 3. | സ്വതന്ത്ര രചനകൾ - പദ വൈവിധ്യം – ആശയങ്ങൾ പര്യാപ്തമായ രീതിയിൽ ഉൾപ്പെടുത്തി ലേഖനങ്ങൾ തയാറാക്കൽ. | 1. അനുഭവ പരിസരം - കുട്ടിയുടെ വായന, ചർച്ച - എന്നീ അനുഭവങ്ങളിലൂടെ വിവിധ ആശയങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സന്ദർഭം ഒരുക്കുക. | ജൂൺ - മുതൽ | അധ്യാപകൻ SRG |
| 4. | ആസ്വാദനക്കുറിപ്പുകൾ - ലഘുവിവരണങ്ങൾ - കഥകൾ - കടംകഥകൾ എന്നിവ തയ്യാറാക്കുന്നതിന് പ്രാപ്തരാക്കുക, പതിപ്പുകളിലേക്ക് രചനകൾ തയ്യാറാക്കുക. | ആസ്വാദനക്കുറിപ്പുകൾ വായിക്കുന്നതിനും ഇഷ്ടമുള്ളവ വായിച്ചവതരിപ്പിക്കുന്നതിനും | ജൂലൈ മുതൽ | |

| Sl No. | Programme | Activity | Duration | Physical | Support |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിച്ച് മികച്ച നിലവാരത്തിലെത്തിക്കുക. (മലയാളത്തിളക്കം) | 1. പ്രീ ടെസ്റ്റ്. | ജൂൺ | പുസ്തകങ്ങൾ | ക്ലാസ് ടീച്ചർ ഹെഡ്മാസ്റ്റർ, എസ്. ആർ.ജി. |
| | | 2. ക്ലാസ് തല വായനക്കൂട്ടം | | | |
| | | 3. പത്രവായന, കുട്ടിമാസികകൾ എന്നിവ പ്രയോജനപ്പെടുത്തൽ. | അക്കാദമിക വർഷം | മാസികകൾ, പത്രം. | |
| | | 4. പുസ്തക വായന, കുറിപ്പ് തയ്യാറാക്കൽ, പതിപ്പ് തയ്യാറാക്കൽ | പാഠാനുബന്ധം | മാസികകൾ | ക്ലാസ് ടീച്ചർ |
| | | 5. സ്കൂൾതലത്തിൽ വായനാകൂട്ടങ്ങൾ രൂപീകരിക്കൽ (ബാലസഭകൾ) | Monthly | | ക്ലാസ് ടീച്ചർ എസ്. ആർ.ജി. |
| | | 6. പിറന്നാറിന് ഒരു പുസ്തകം ലൈബ്രറിക്ക് നൽകൽ | Yearly | | |
| 2. | സർഗാത്മക രചനകളിൽ കുട്ടിയെ മികവുറ്റവരാക്കുക. | 1. കവിത, കഥ, നാടകം വായനയ്ക്കും അവതരിപ്പിക്കുന്നതിനും. | Yearly one time | PTA Fund | ക്ലാസ്ടീച്ചർ ഹെഡ്മാസ്റ്റർ, പി.റ്റി.എ |
| | | 2. പ്രാദേശിക കലാകാരന്മാരെ ഉൾപ്പെടുത്തി കവിയരങ്ങ് സംഘടിപ്പിക്കൽ. | March | PTA സാമൂഹികം | പൂർവ്വവിദ്യാർത്ഥി ക്ലബ് പി.റ്റി.എ., SRG |
| | | 3. സർഗാത്മക ചുമർ നിർമ്മാണം. | Weekly | | |
| | | 4. കുട്ടികളുടെ ശേഖരണം, അവതരണം, പ്രദർശനം. | Half early | PTA | PTA, SMC SRG |
| | | 5. സ്കൂൾ തല മംഗസിൻ തയാറാക്കൽ. | | | ക്ലാസ് ടീച്ചർ |

| | | | | | |
|---|---|---|---|---|---|
| | | 6. വ്യവഹാര രൂപങ്ങളുടെ അവതരണവും ആവിഷ്കാരവും സ്കൂൾ തലത്തിലും പ്രാദേശിക തലത്തിലും | | | |
| 3. | സാഹിത്യാഭിരുചി വളർത്തുന്നതിന് കുട്ടികളെ പ്രാപ്തരക്കുക. | 1. സാഹിത്യ നായകൻമാരെ പരിചയപ്പെടൽ | Yearly one | പി.ടി.എ. സാമൂഹിക സംഘടനകൾ | പൂർവ്വ വിദ്യാർത്ഥി ക്ലാബ് SMC SRG ഹെഡ്മാസ്റ്റർ അധ്യാപകർ PTA |
| | | 2. സംവാദം സംഘടിപ്പിക്കൽ | | | |
| | | 3. കവിയരങ്ങും കഥയരങ്ങും സംഘടിപ്പിക്കൽ. | | | |
| | | 4. സാമൂഹിക - പൂർവ്വ വിദ്യാർത്ഥി പങ്കാളിത്തത്തോടെ കലാപരിപാടികൾ സംഘടിപ്പിക്കൽ | | | |
| | | 5. സ്കൂൾ റോഡിയോ ഉപയോഗപ്പെടുത്തി കലാപരിപാടികൾ കേൾക്കാനവസരം നൽകൽ. | | പി.ടി.എ. | SRG |
| 4. | ഭാഷാ ശേഷി വികസിപ്പിക്കൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തൽ. | ഭാഷയുമായി ബന്ധപ്പെട്ട വിവിധ സി.ഡി.കൾ, വീഡിയോകൾ ഉപയോഗപ്പെടുത്തൽ. ICT സാധ്യത പാഠാനുബന്ധമായി ഉപയോഗപ്പെടുത്തൽ. | ക്ലാസ് തലം Weekly | പി.ടി.എ. | ക്ലാസ് ടീച്ചർ |

മേഖല : അക്കാദമികം
ഉപമേഖല : ഇംഗ്ലീഷ്

| Sl No. | Programme | Activity | Duration | Physical | Support |
|---|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ അനായാസമായി കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കൽ. | 1. ഇംഗ്ലീഷ് വായനയ്ക്കും എഴുത്തിനും ആവശ്യമായ materials നിർമ്മാണം. (reading cards) | 6 months | Teachers grand | ക്ലാസ് ടീച്ചർ |
| | | 2. എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഡിക്ഷ്ണറി. | Monthly | | SRG. |
| | | 3. വ്യത്യസ്ത രീതിയിൽ ഇംഗ്ലീഷ് അസംബ്ലി. | | | |
| | | 4. ഇംഗ്ലീഷ് ലാബ് സജ്ജമാക്കൽ. | August | | SRG - ഹെഡ്മാസ്റ്റർ |
| | | 5. ഇംഗ്ലീഷ് പുസ്തക ശേഖരണം വായന അവതരണം. | December | | |
| | | 6. Handwriting book. | July | | ക്ലാസ് ടീച്ചർ |
| | | 7. Public Speech | Monthly | | |
| | | 8. ക്ലാസ് റേഡിയോ പരിപാടി | August | | |

| | | | | | |
|---|---|---|---|---|---|
| | | 9. വിവിധ വ്യവഹാര രൂപങ്ങൾ കഥ, കവിത, നാടകം ഇംഗ്ലീഷിൽ അവതരിപ്പിക്കൽ | മാർച്ച് | | ക്ലാസ് ടീച്ചർ |
| | | 10. ICT – ഇംഗ്ലീഷ് ഭാഷയുമായി ബന്ധപ്പെട്ട വീഡിയോസ് - conversation, description | Weekly | | ക്ലാസ് ടീച്ചർ |
| | | 11. Spocken English class. | Weekly | | ക്ലാസ് ടീച്ചർ |
| | | 12. Foreign (guest) countries ലെ ആളുകളുമായി സംവദിക്കാനുൽ അവസരമൊരുക്കൽ | 4 times | | SRG<br>PTA |
| | | | | | |

മേഖല : അക്കാദമികം
ഉപമേഖല : പരിസര പഠനം

| Sl No. | Programme | Activity | Duration | Physical | Support |
|---|---|---|---|---|---|
| 1. | കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുന്നതിന്. | 1. ഫീൽഡ് ട്രിപ്പ്, പരീക്ഷണങ്ങൾ ഷോർട്ട് ഫിലിം പ്രദർശനം നിരീക്ഷണക്കുറിപ്പ് തയാറാക്കൽ, ശാസ്ത്ര പുസ്തകങ്ങൾ വായന. | ആഗസ്റ്റ് | SRG PTA | SRG ഹെഡ്മാസ്റ്റർ, ക്ലാസ് ടീച്ചർ |
| | | 2. സ്കൂൾ കാമ്പസ് പാഠപുസ്കമാക്കൽ - ജൈവ വൈവിധ്യ ഉദ്യാനം പ്രയോജനപ്പെടുത്തൽ. | Weekly | | ക്ലാസ് ടീച്ചർ |
| | | a. ഔഷധസസ്യങ്ങൾ, ശലഭ ചാർട്ട്, ചെറുകുളം, ആവാസ വ്യവസ്ഥ കൾ ഇവയെല്ലാം മന സിലാക്കു ന്നതിനും നിരീക്ഷണ ക്കുറിപ്പ് തയാറാക്കലും. | | | |
| | | b. ജൈവ വൈവിധ്യ ക്ലബ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നാച്യുറൽ സംഘടിപ്പിക്കൽ. | ഡിസംബർ | | ക്ലാസ് ടീച്ചർ ഹെഡ്മാസ്റ്റർ |
| | ശാസ്ത്രകാര്യങ്ങളെ പ്രായോഗിക നിരീക്ഷണങ്ങളിലൂടെ അറിഞ്ഞു ള്ള പഠനം സാധ്യമാക്കൽ | ശാസ്ത്രലാബുകൾ ഒരുക്കൽ, സെമിനാറുകൾ, ചർച്ചകൾ സംവാദങ്ങൾ ഡോക്യുമെന്ററികൾ പ്രദർശനം. പഠനം പരിസ്ഥിതി സൗഹൃദമാക്കൽ. | One time Spetmebrer | PTA സാമൂഹിക പങ്കാളിത്തം | PTA SRG ഹെഡ്മാസ്റ്റർ |
| | | ശാസ്ത്ര തത്ത്വങ്ങൾ : നിരീക്ഷിച്ച കാര്യങ്ങൾ സ്വയം ചെയ്ത് നോക്കാനുള്ള അവസരം ഒരുക്കൽ. | Monthly | | ക്ലാസ് ടീച്ചർ |
| | വ്യക്തി ശുചിത്വം, സാമൂഹിക ശുചിത്വം പാലിച്ച് കൊണ്ട് സാമൂഹിക മാനസിക, ശാരീരിക ആവശ്യം കൈവരിക്കുക, ശുചിത്വം ശീലങ്ങൾ ഉറപ്പിക്കുക. | 1. ശുചിത്വ ക്ലാസുകൾ സംഘടിപ്പിക്കൽ. | November | PTA | |

| | | | |
|---|---|---|---|
| 2. റോൾ പ്ലേകൾ, പാവനാടകം, പ്ലേ കാർഡുകൾ, പോസ്റ്ററുകൾ ശുചിത്വകാർഡ് കായിക വിനോദങ്ങൾ | | | SRG<br>PTA |
| 3. ക്ലാസ് തലത്തിൽ സയൻസ് കോർണർ, സയൻസ് ലാബ്, പ്രോജക്ട് തയാറാക്കൽ, ശാസ്ത്രവുമായി ബന്ധപ്പെട്ട ചുവർ ചിത്രങ്ങൾ തയാറാക്കൽ. | ജൂലൈ | ടീച്ചേഴ്സ് ഗ്രാന്റ് 5000/- | ക്ലാസ് ടീച്ചർ |
| 4. പ്രകൃതി പഠനത്തെ പ്രോത്സാഹി പ്പിക്കൽ നക്ഷത്രവനം തയാറാ ക്കൽ, എന്റെ മരം പ്രോജക്ട്, ഹരിത ക്ലബ്, പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ. | ജൂലൈ<br>ആഗസ്റ്റ് | പി.ടി.എ.<br>സാമൂഹിക<br>പങ്കാളിത്തം. | |
| **<u>സ്കൂൾ ജൈവ പച്ചക്കറികൃഷി വികസനം</u>**<br>ഡിപ്പാർട്ടുമെന്റുമായി ചേർത്ത് സ്കൂൾ പച്ചക്കറി കൃഷി മെച്ചപ്പെടു ത്തി വിഷരഹിത പച്ചക്കറിയുടെ ഗുണവും മൂല്യവും മനസിലാക്കുന്ന തിന്. സമൂഹവും പി.ടി.എ. എസ്.എം.സി. എന്നിവരുമായി സഹകരിച്ചുള്ള പ്രവർത്തനങ്ങൾ. | ആഗസ്റ്റ്<br>സെപ്റ്റംബർ | | പി.ടി.എ. സാമൂഹിക പങ്കാളിത്തം. |
| Child Study – പെൺ കുട്ടികളുടെ സുരക്ഷ, രക്ഷിതാക്കളുടെ ബോധവത്ക്കരണം | ജൂലൈ | ക്ലാസ് ടീച്ചർ<br>SRG, PTA,<br>MPTA<br>സാമൂഹിക<br>പങ്കാളിത്തം | SRG |
| എന്റെ മരം - കുറിപ്പു തയാറാക്കൽ, കാവ്, കുളം സന്ദർശിക്കൽ, ക്ലാസ് റേഡിയോയിൽ കൃഷിയുമായി ബന്ധപ്പെട്ട നാട്ടറിവുകൾ | ആഗസ്റ്റ് | | സാമൂഹിക<br>പങ്കാളിത്തം പൂർവ്വ<br>വിദ്യാർത്ഥികൾ |

| | | | | | |
|---|---|---|---|---|---|
| | | പങ്കുവയ്ക്കൽ, അവതരിപ്പിക്കൽ. | | | |
| | | കർഷകനുമായി അഭിമുഖം, പഠന യാത്ര. | | | |
| | | ശലഭ പാർക്ക് - ജീവജാലങ്ങളെ നിരീക്ഷിക്കാൻ അവസരം. | സെപ്റ്റംബർ | | |
| | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുന്നിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്. | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുന്നതിനുള്ള 3R-ന്റെ പ്രവർത്തനം | | | ക്ലാസ് ടീച്ചർ. |
| | | മഴക്കുഴി നിർമ്മാണം, മഴവെള്ള സംഭരണി നിർമ്മാണം, വിവിധ രീതിയിൽ വൃക്ഷത്തൈ നടീൽ. | ആഗസ്റ്റ് | പി.ടി.എ. ഫണ്ട് ലോക്കൽ ഫണ്ട് | |
| | | പ്രകൃതി മലിനീകരണ ബോധവത്കരണ ക്ലാസുകൾ, റോഡ് ഷോകൾ കുട്ടികളുടെ മാസിക തയാറാക്കൽ. | ഡിസംബർ | പി.ടി.എ. എസ്. എം. സി. | |
| | ശാസ്ത്രത്തെ ജനകീയമാക്കി ഉപയോഗപ്പെടുത്തൽ | 1. വിദഗ്ധരുടെ ക്ലാസ് സംഘടിപ്പിക്കൽ | ഫെബ്രുവരി | പൂർവ്വ വിദ്യാർത്ഥി ക്ലബ് | പൂർവ്വവിദ്യാർത്ഥികൾ ഹെഡ്മാസ്റ്റർ. |
| | | 2. ലഹരി ഉപയോഗം ബോധവത്ക്കരണം | | | |
| | | 3. ജന്തുസംരക്ഷണ പ്രവർത്തനങ്ങൾ | സെപ്റ്റംബർ | | |
| | | 4. വിത്തുകൾ ശേഖരണവും വിതരണവും | | | |

മേഖല : അക്കാദമികം
ഉപമേഖല : ഗണിതം

| Sl No. | Programme | Activity | Duration | Physical | Support |
|---|---|---|---|---|---|
| | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഗണിതത്തിലെ ചതുഷ്ക്രിയകളിൽ പ്രാവിണ്യം. | 1. ഗണിത കേളികൾ തയാറാക്കൽ, പസിലുകൾ ഒറിഗാമി, ടാൻഗ്രാം എന്നിവ തയാറാക്കൽ അവതരിപ്പിക്കൽ. | ജൂൺ മുതൽ ആഗസ്റ്റ് വരെ | പി.ടി.എ. | ക്ലാസ് ടീച്ചർ |
| | | 2. ഒന്ന് മുതൽ നാലുവരെയുള്ള കുട്ടികൾക്ക് ചതുഷ്ക്രിയകൾ. | ക്ലാസ് അനുബന്ധ ദീർഘകാല പ്രവർത്തനം | | ക്ലാസ് ടീച്ചർ |
| | | 3. ജ്യാമിതീയ രൂപങ്ങൾ പ്രായോഗികതയിലൂന്നി നിർമ്മിക്കുകയും തിരിച്ചറിയുകയും ചെയ്യൽ അവയുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ | പാഠാനുബന്ധ ദീർഘകാല പ്രവർത്തനം | | ക്ലാസ് ടീച്ചർ SRG |
| | | സമയം, കാലം, ഇവ കണ്ടെത്തുന്നതിനും കലണ്ടർ ഉപയോഗിക്കുന്നതിനു പ്രാവീണ്യം നേടൽ. | ദീർഘകാല പ്രവർത്തനം | | ക്ലാസ് ടീച്ചർ |
| | | സാങ്കേതിക വിദ്യയിലൂടെ ഗണിത ക്രിയകൾ എളുപ്പമാക്കൽ. ICT യുപയോഗിച്ച് ഗണിത കേളികളിൽ ഏർപ്പെടൽ. | | | ക്ലാസ് ടീച്ചർ |
| | | അബാക്കസ് തയാറാക്കൽ, ഉപയോഗിക്കൽ. | ഹ്രസ്വകാലം | | ക്ലാസ് ടീച്ചർ SRG |
| | | ഗണിത വർക്ക് ഷോപ്പ്. ഗണിത സി.ഡി.കൾ ഉപയോഗിക്കൽ | Yearly | | |

## സംക്ഷിപ്തം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സമയ ബന്ധിതമായി ഓരോ കുട്ടിയിലും ഊന്നി, പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികളെക്കൂടി ഉൾക്കൊള്ളിച്ച് വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം (ഗണിത ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്, വിദ്യാരംഗം ക്ലബ്ബ്, ഇംഗ്ലീഷ് ക്ലബ്ബ്) കാര്യക്ഷമമാക്കി ഒത്തൊരുമയോടെയുള്ള പ്രവർത്തനത്തിലൂടെ ഞങ്ങളുടെ സ്കൂളിനെ മികവിന്റെ കേദാരമാക്കി മാറ്റുക. അതുവഴി നാടിനും സാമൂഹത്തിനും സമുന്നതമായ ഒരു ഭാവിയെ വാർത്തെടുക്കുക, ഇതാണ് ആത്യന്തിക ലക്ഷ്യം. സാമ്പത്തിക സഹായത്തിനായി പി.ടി.എ., എസ്.എം.സി., സന്നദ്ധ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരെ ഭാഗക്കാക്കുക സ്കൂളിനെ ഹൈടെക്ക് നിലവാരത്തിലേക്ക് ഉയർത്തുക. ഇതുവഴി കുട്ടികളുടെ സർവ്വതോമുഖമായ വികാസം ഉറപ്പാക്കുക.